8–3–1985–ൽ നക്ഷത്രചിഹ്നമിടാത്ത 27–ാം നമ്പർ ചോദ്യത്തിനും 1–2–1985 മുതൽ 31–5–1985 വരെ ചെലവായ തുകയുടെ കണക്ക് 1–7–1985–ൽ നക്ഷത്രചിഹ്നമിടാത്ത 6–ാം നമ്പർ ചോദ്യത്തിനും 1–6–1985 മുതൽ 28–2–1986 വരെ ചെലവായ തുകയുടെ കണക്ക് 17–3–1986–ൽ നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 11–നും ഉത്തരമായി നൽകിയിട്ടുണ്ട്.

28–2–1986–നു ശേഷം 31–5–1986 വരെയുള്ള ടെലിഫോൺ ചാർജ്ജിനത്തിൽ ചെലവായ തുകയുടെ കണക്ക് അനുബന്ധമായി കൊടുത്തിരിക്കുന്നു.*

(ബി) ചെലവു ചുരുക്കലിന്റെ ഫലമായി ടെലിഫോൺ ചാർജ്ജിനത്തിൽ കുറവുണ്ടായതായി കാണുന്നില്ല.

(സി) ബിയുടെ ഉത്തരത്തിന്റെ വെളിച്ചത്തിൽ ചോദ്യം ഉദിക്കുന്നില്ല.

ലോക്കൽ അഡ്മിനിസ്ട്രേഷൻ സെക്രട്ടറിയുടെ താമസ സ്ഥലത്തെ ടെലിഫോൺ ചാർജ്ജ്

11 [15] ശ്രീ. വി.ജെ. തങ്കപ്പൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1–1–1985 മുതൽ 31–12–1985 വരെയുള്ള കാലയളവിൽ ലോക്കൽ അഡ്മിനിസ്ട്രേഷൻ സെക്രട്ടറി ശ്രീ. സ്വാമിനാഥന്റെ താമസസ്ഥലത്തുള്ള ഔദ്യോഗിക ടെലിഫോണിന്റെ ടെലിഫോൺ ചാർജ്ജിനത്തിൽ സർക്കാർ അടച്ച തുക എത്ര;

(ബി) പ്രസ്തുത കാലത്തെ ഓരോ ബില്ലിന്റെയും തുകയും ബിൽ നമ്പരും പ്രത്യേകം വെളിപ്പെടുത്താമോ?

ഉത്തരം

(എ) 79,307 രൂപ.

(ബി) ഓരോ ബില്ലിന്റെ തുകയും ബിൽ നമ്പരും അനുബന്ധമായി കൊടുത്തിട്ടുണ്ട്.*

ലോക്കൽ അഡ്മിനിസ്ട്രേഷൻ സെക്രട്ടറിയുടെ ഓഫീസ് ടെലിഫോൺ ചാർജ്ജ്

12 [16] ശ്രീ. വി. ജെ. തങ്കപ്പൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1–1–1985 മുതൽ 31–12–1985 വരെയുള്ള കാലയളവിൽ ലോക്കൽ അഡ്മിനിസ്ട്രേഷൻ സെക്രട്ടറി ശ്രീ. സ്വാമിനാഥന്റെ സെക്രട്ടേറിയേറ്റിലെ ഔദ്യോഗിക ടെലിഫോണിന്റെ ടെലിഫോൺ ചാർജ്ജിനത്തിൽ അടച്ച തുക എത്ര;

(ബി) ഓരോ ബില്ലിന്റെയും തുക പ്രത്യേകം വെളിപ്പെടുത്താമോ?

* അനുബന്ധം IV

* അനുബന്ധം V

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) 12,554.00 രൂപ.

(ബി) കാരോ ബില്ലിനേറെയും തുക അനുബന്ധമായി കൊടുത്തിട്ടുണ്ട്.*

രാജിവച്ച മന്ത്രിമാർ

13 [17] ശ്രീ. ലോനപ്പൻ നമ്പാടൻ:

,, സി.കെ. തങ്കപ്പൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ മന്ത്രിസഭ അധികാരത്തിൽ വന്നതിനുശേഷം 10-6-1966 വരെയുള്ള കാലയളവിൽ എത്ര മന്ത്രിമാർ രാജിവച്ചു;

(ബി) ഓരോ മന്ത്രിയും രാജിവയ്ക്കാനുണ്ടായ കാരണങ്ങൾ എന്തെല്ലാം;

(സി) രാജിവച്ചവരിൽ എത്രപേർ വീണ്ടും മന്ത്രിമാരായി?

ഉത്തരം

(എ) ഒൻപതു മന്ത്രിമാർ രാജിവയ്ക്കുകയുണ്ടായി.

(ബി) അനുബന്ധമായി ചേർത്തിരിക്കുന്നു.*

(സി) രാജിവച്ചവരിൽ ശ്രീ. ആർ. ബാലകൃഷ്ണപിള്ള മാത്രം വീണ്ടും മന്ത്രിയാകുകയുണ്ടായി.

റിട്ടയർ ചെയ്ത ഉദ്യോഗസ്ഥൻമാർക്ക് പുനർനിയമനം

14 [18] ശ്രീ. കെ. മുഹമ്മദാലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഡിപ്പാർട്ടുമെന്റുകളിൽ റിട്ടയർ ചെയ്ത ഉദ്യോഗസ്ഥൻമാർക്ക് പുനർനിയമനം നൽകിയിട്ടുണ്ടോ;

(ബി) ഒന്നിലേറെ തവണ പുനർനിയമനം നൽകപ്പെട്ടിട്ടുള്ള വകുപ്പുമേധാവികളുടെ പേരുവിവരം വെളിപ്പെടുത്തുമോ?

ഉത്തരം

(എ) സാങ്കേതിക വൈദഗ്ദ്ധ്യവും പ്രത്യേക പരിചയവുമുള്ള അപൂർവ്വം ചിലർക്ക് പുനർനിയമനം നൽകിയിട്ടുണ്ട്.

(ബി) കൂടുതൽ വിവരം ശേഖരിച്ചുവരുന്നു.

* അനുബന്ധം VI.

* അനുബന്ധം VII

LIBRARY ARCHIVES Kerala Legislative Assembly